# അദ്ധ്യാപക രക്ഷാകർത്തൃ സംഘടന

## ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് ബാർട്ടൺഹിൽ,

## തിരുവനന്തപുരം – 35

# ഭരണഘടന

# അദ്ധ്യാപക രക്ഷാകർതൃ സംഘടന
# ഗവൺമെൻറ് എഞ്ചിനീയറിംഗ് കോളേജ് ബാർട്ടൺഹിൽ,
## തിരുവനന്തപുരം - 35

അദ്ധ്യാപക രക്ഷകർതൃ സംഘടന, കോളേജിലെ എല്ലാ വിദ്യാർത്ഥികളും, രക്ഷിതാക്കളും, അദ്ധ്യാപകരും ഉൾപ്പെട്ട ഒരു ഔപചാരിക സംഘടന ആണ്. കോളേജും, അദ്ധ്യാപകരും, രക്ഷിതാക്കളും, തമ്മിൽ ആരോഗ്യകരമായ ഒരു ബന്ധം സ്ഥാപിക്കാനും വിദ്യാർത്ഥികളിൽ മികച്ച പഠന -പഠ്യേതര നേട്ടങ്ങൾ കൈവരിക്കുന്നതിനുമായി യാതൊരു ലാഭേച്ഛയുംകൂടാതെ പ്രവർത്തിക്കുന്ന ഒരു സംഘടന ആണ്.

**1. പേരും മേൽവിലാസവും**

ഈ സംഘടനയുടെ പേര് അദ്ധ്യാപക രക്ഷാകർതൃ സംഘടന എന്നായിരിക്കുന്നതാണ്. ഇംഗ്ലീഷിൽ ഇത് പേരന്റ് ടീച്ചർ അസോസിയേഷൻ (PTA) എന്നായിരിക്കും. ഇതിന്റെ ഓഫീസ് ഗവ. എഞ്ചിനീയറിംഗ് കോളേജ് ബാർട്ടൺഹിൽ, തിരുവനന്തപുരം - 35 ആയിരിക്കുന്നതാണ്

**2. ഉദ്ദേശ്യ ലക്ഷ്യങ്ങൾ**

എ) സ്ഥാപനത്തിലെ വിദ്യാർത്ഥികളുടെ മാതാപിതാക്കളും രക്ഷകർത്താക്കളും അദ്ധ്യാപകരും മറ്റെല്ലാ ജീവനക്കാരും തമ്മിൽ ഊഷ്മളമായ ബന്ധം സ്ഥാപിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

ബി) ഉയർന്ന അക്കാദമിക നിലവാരം, മൂല്യങ്ങൾ, അച്ചടക്ക, സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനം, പുരോഗതി, വളർച്ച എന്നിവ ഉറപ്പാക്കാൻ ബന്ധപ്പെട്ട എല്ലാവരുമായി നിരന്തര സമ്പർക്കം നടത്തുക.

സി) ഉയർന്ന അക്കാദമിക നിലവാര പ്രവണത കാണിക്കുന്ന വിദ്യാർഥികൾക്ക് സ്കോളർഷിപ്പുകൾ, മെഡലുകൾ, സമ്മാനങ്ങൾ തുടങ്ങിയവ നൽകി പ്രോത്സാഹിപ്പിക്കുക

ഡി) വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ജീവനക്കാർക്കും ആവശ്യമായ മറ്റ് സൗകര്യങ്ങൾ ഉണ്ടാക്കുക.

ഇ) സ്ഥാപനത്തിന്റെ മൊത്തത്തിലുള്ള വളർച്ചയുടെ ഭാഗമാകുക.

**3) അംഗത്വം**

എ) ഓരോ അധ്യയന വർഷവും കോളേജിലെ നോമിനൽ റോളിൽ പേരുള്ള ഓരോ വിദ്യാർത്ഥി വിദ്യാർത്ഥിനിയുടെയും മാതാവോ പിതാവോ/രക്ഷിതാവോ ഈ സംഘടനയിൽ അംഗമായിരിക്കും, പ്രിൻസിപ്പാൾ ഉൾപ്പടെ എല്ലാ അധ്യാപകരും ഈ സംഘടനയിൽ അംഗങ്ങളായിരിക്കും.

ബി) ഈ കോളേജിൽ ചേരുന്ന ഓരോ വിദ്യാർത്ഥിയുടെയും രക്ഷകർത്താക്കൾ പ്രവേശന സമയത്ത് തന്നെ പി.ടി.എ. നിശ്ചയിച്ചിട്ടുള്ള അംഗത്വ ഫീസ് (പി. ടി. എ. ഫീസിന് പുറമെ) നൽകേണ്ടതാണ്. ഈ തുക മടക്കി നൽകുന്നതല്ല.

സി) അധ്യാപക അംഗങ്ങൾ അംഗത്വ ഫീസ്/വാർഷിക ഫീസ് നൽകേണ്ടതില്ല.

ഡി) നോമിനൽ റോളിൽ നിന്നും പേര് നീക്കം ചെയ്യുമ്പോൾ ആ വിദ്യാർത്ഥിയുടെ രക്ഷാകർത്താവ് സ്വാഭാവികമായി അംഗമല്ലാതായിത്തീരും.

**4 ) ജനറൽ ബോഡി**

എ) ജനറൽ ബോഡിയായിരിക്കും ഈ സംഘടനയുടെ എല്ലാ കാര്യങ്ങളിലും പരമാധികാരമുള്ള സമിതി.

ബി) മൂന്നാം വകുപ്പ് അനുസരിച്ചു ചേർത്തിട്ടുള്ള അംഗങ്ങൾ ചേർന്നതാണ് ഈ സംഘടനയുടെ ജനറൽ ബോഡി.

സി) അക്കാദമിക് വർഷം ആരംഭിക്കുന്നതിന്റെ ആദ്യ മാസം തന്നെ ജനറൽ ബോഡിയുടെ യോഗം വിളിക്കേണ്ടതാണ്.

ഡി) ജനറൽ ബോഡി അംഗങ്ങളുടെ തൻ വർഷം പ്രാബല്യമുള്ള ഒരു ലിസ്റ്റ് സെക്രട്ടറി തയ്യാറാക്കേണ്ടതാണ്.

ഇ) തൻ വർഷം പ്രാബല്യമുള്ള ലിസ്റ്റിൽ ഉള്ളവരുടെ നൂറുപേരായിരിക്കും ക്വോറം.

എഫ്)യോഗത്തിന്റെ അജണ്ട, വാർഷിക റിപ്പോർട്ടുകൾ, ഓഡിറ്റ് ചെയ്ത അക്കൗണ്ട് സ്റ്റേറ്റ്മെന്റ്, ബഡ്ജറ് നിർദ്ദേശങ്ങൾ, മറ്റേതെങ്കിലും കാര്യങ്ങൾ ഉണ്ടെങ്കിൽ അതും അടങ്ങുന്ന അജണ്ട എല്ലാ അംഗങ്ങൾക്കും സെക്രട്ടറി നൽകേണ്ടതാണ്. യോഗത്തിന് നിശ്ചയിച്ച സ്ഥലവും, തീയ്യതിയും, സമയവും എല്ലാ അംഗങ്ങളെയും കുറഞ്ഞത് ഏഴ് ദിവസം മുൻപ് തപാൽ മുഖേനയോ, ഇലക്ട്രോണിക് മാർഗം മുഖേനയോ സെക്രട്ടറി അറിയിക്കേണ്ടതാണ്. ഇവ ലഭിച്ചില്ലായെന്ന കാരണം യോഗത്തിനെടുത്ത ഏതെങ്കിലും തീരുമാനത്തെ അസാധുവാക്കുന്നതല്ല.

ജി) ജനറൽ ബോഡിയിലെ 50 പേരിൽ കുറയാത്ത അംഗങ്ങൾ രേഖാമൂലം എക്സിക്യൂട്ടീവ് കമ്മിറ്റി ചെയർമാനോട് ആവശ്യപ്പെട്ടാൽ ചെയർമാൻ നിശ്ചയിക്കുന്ന അത്തരം സ്ഥലത്തും തീയതിയിലും സമയത്തും ജനറൽ ബോഡി വിളിച്ചുകൂട്ടേണ്ടതാണ്.

എച്ച്) ജനറൽ ബോഡിയുടെ അധ്യക്ഷൻ എക്സിക്യൂട്ടീവ് കമ്മിറ്റി പ്രസിഡന്റ് ആയിരിക്കുന്നതാണ്. എക്സിക്യൂട്ടീവ് കമ്മിറ്റി പ്രസിഡന്റിന്റെ അഭാവത്തിൽ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ വൈസ് പ്രസിഡന്റ് അധ്യക്ഷൻ ആകേണ്ടതും രണ്ടുപേരുടെയും അഭാവത്തിൽ ജനറൽ ബോഡി യോഗം നാമനിർദേശം ചെയ്യുന്ന ഒരു എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം അധ്യക്ഷൻ ആയിരിക്കുകയും ചെയ്യുന്നതാണ്.

ഐ) ജനറൽ ബോഡി യോഗത്തിന്റെ തീരുമാനങ്ങൾ തത്സമയം യോഗത്തിൽ ഹാജരായിട്ടുള്ള അംഗങ്ങളുടെ ഭൂരിപക്ഷ വോട്ടിന്റെ അടിസ്ഥാനത്തിൽ ആയിരിക്കുന്നതാണ്.

ജെ) ജനറൽ ബോഡി യോഗത്തിനു താഴെ പറയുന്ന വിഷയങ്ങളിൽ തീരുമാനങ്ങൾ എടുക്കാൻ അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

- എക്സിക്യൂട്ടീവ് കമ്മിറ്റി സമർപ്പിച്ച വാർഷിക റിപ്പോർട്ട് പരിഗണിച്ച് ആവശ്യമെന്നുതോന്നുന്ന ഭേദഗതികളോടെയും നിരീക്ഷണങ്ങളോടെയും അംഗീകരിക്കുക.

- എക്സിക്യൂട്ടീവ് കമ്മിറ്റി സമർപ്പിച്ച ഓഡിറ്റ് റിപ്പോർട്ടും ഓഡിറ്റ് ചെയ്ത അക്കൗണ്ട് സ്റ്റേറ്റ്മെന്റുകളും പരിശോധിക്കുകയും ആവശ്യമായ ഭേദഗതികളോടെയും നിരീക്ഷണങ്ങളോടെയും അംഗീകരിക്കുക.
- എക്സിക്യൂട്ടീവ് കമ്മിറ്റി സമർപ്പിച്ച തൊട്ടടുത്ത വർഷത്തെ ബഡ്ജറ്റ് നിർദ്ദേശങ്ങൾ പരിശോധിക്കുകയും ആവശ്യമായ ഭേദഗതികളോടെയും നിരീക്ഷണങ്ങളോടെയും അംഗീകരിക്കുകയും ചെയ്യുക
- എക്സിക്യൂട്ടീവ് കമ്മിറ്റി സമർപ്പിച്ച ബൈലോകളോ ബൈലോ ഭേതഗതി നിർദ്ദേശങ്ങളോ പരിശോധിക്കുകയും തീരുമാനമെടുക്കുകയും ചെയ്യുക. എക്സിക്യൂട്ടീവ് കമ്മിറ്റി സമർപ്പിച്ച മറ്റേതെങ്കിലും കാര്യങ്ങൾ പരിശോധിച്ച് തീരുമാനമെടുക്കുക.
- എക്സിക്യൂട്ടീവ് കമ്മിറ്റി സമർപ്പിച്ച അദ്ധ്യാപക രക്ഷകർതൃ സമിതിയുടെ കണക്കുകൾ ഓഡിറ്റ് ചെയ്യാനുള്ള ഓഡിറ്റർമാരെ നിയമിക്കുന്നത് സംബന്ധിച്ചും, ഫണ്ടുകൾ നിക്ഷേപിക്കേണ്ടത് സംബന്ധിച്ചും
- എക്സിക്യൂട്ടീവ് കമ്മിറ്റി സമർപ്പിച്ച സമിതിയുടെ ഫണ്ടുകൾ കൈകാര്യം ചെയ്യേണ്ട രീതിയെ സംബന്ധിച്ചും തീരുമാനമെടുക്കുക
- എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളെ തെരഞ്ഞെടുക്കുക.

കെ) ജനറൽ ബോഡിയുടെ കാലാവധി അടുത്ത ജനറൽ ബോഡി നിലവിൽ വരുന്നതുവരെയോ പരമാവധി ഒരു വർഷം വരെയോ ആയിരിക്കുന്നതാണ്. നിലവിലുള്ള ജനറൽ ബോഡിയുടെ കാലാവധി അവസാനിക്കുന്നതിനു മുൻപ് പുതിയ ജനറൽ ബോഡി രൂപീകരിക്കാൻ ആവശ്യമായ നടപടികൾ പ്രസിഡന്റ് സ്വീകരിക്കേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ അങ്ങനെ രൂപീകരിക്കാൻ കഴിയാതെ വന്നാൽ നിലവിലുള്ള ജനറൽ ബോഡിയുടെ കാലാവധി മൂന്ന് മാസം കൂടി നീട്ടുന്നതോ പുതിയ ജനറൽ ബോഡി രൂപീകരിക്കുന്നതുവരെയോ, ഏതാണോ ആദ്യം സംഭവിക്കുന്നത് അതുവരെ നീട്ടിയതായി കണക്കാക്കുന്നതാണ്. നിലവിലുള്ള ജനറൽ ബോഡിയുടെ കാലാവധി അവസാനിക്കുന്നതിനു രണ്ട് മാസം മുൻപ് പ്രസിഡന്റ് പുതിയ ജനറൽ ബോഡി രൂപീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

എൽ) ജനറൽ ബോഡിയുടെ എല്ലാ തീരുമാനങ്ങളും ഭൂരിപക്ഷത്തിനു വിധേയമാണ്. വോട്ടെടുപ്പിൽ തുല്യത വന്നാൽ യോഗത്തിലെ അധ്യക്ഷന് ഒരു കാസ്റ്റിംഗ് വോട്ട് ചെയ്യാവുന്നതാണ്.

**5) എക്സിക്യൂട്ടീവ് കമ്മിറ്റി**

എ) ഈ സംഘടനയുടെ ഭരണം കാലാകാലങ്ങളിൽ പൊതുയോഗം തെരഞ്ഞടുക്കുന്ന എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും.

ബി) കമ്മിറ്റിയുടെ ഘടന ഇപ്രകാരമാണ്

- പ്രസിഡന്റ് - പ്രിൻസിപ്പലോ സ്ഥാപനമേധാവിയോ പ്രിൻസിപ്പലിന്റെയോ സ്ഥാപനമേധാവിയുടെയോ ചുമതലയുള്ള പ്രൊഫസർ
- വൈസ് പ്രസിഡന്റ് - എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ തങ്ങൾക്കിടയിൽ

നിന്നും തെരഞ്ഞെടുത്ത ഒരു മാതാവോ പിതാവോ

- സെക്രട്ടറി -എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ തങ്ങൾക്കിടയിൽ നിന്നും തെരഞ്ഞെടുത്ത സ്ഥാപനത്തിലെ ഒരു സ്ഥിരാധ്യാപകൻ
- ജോയിന്റ് സെക്രട്ടറി - എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ തങ്ങൾക്കിടയിൽ നിന്നും തെരഞ്ഞെടുത്ത ഒരു മാതാവോ പിതാവോ
- ട്രഷറർ - എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ തങ്ങൾക്കിടയിൽ നിന്നും തെരഞ്ഞെടുത്ത സ്ഥാപനത്തിലെ ഒരു സ്ഥിരാധ്യാപകൻ
- ജനറൽ ബോഡി അംഗങ്ങൾ തങ്ങൾക്കിടയിൽ നിന്നും തെരഞ്ഞെടുത്ത ആറുപേർ (മാതാവോ പിതാവോ)
- സ്ഥാപനത്തിലെ അധ്യാപകർ തങ്ങൾക്കിടയിൽ നിന്നും തെരഞ്ഞെടുത്ത ആറുപേർ (സ്ഥിരാധ്യാപകർ)

സി) എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ക്വോറം 8 ആയിരിക്കുന്നതാണ്. ഇതിൽ കുറഞ്ഞപക്ഷം 2 പേരെങ്കിലും രക്ഷകർത്താവ് ആയിരിക്കേണ്ടതാണ്

ഡി) എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ കാലാവധി അടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ നിലവിൽ വരുന്നതുവരെയോ പരമാവധി ഒരു വർഷം വരെയോ ആയിരിക്കുന്നതാണ്

ഇ) പുതിയതായി തെരഞ്ഞെടുക്കപ്പെടുന്ന എക്സിക്യൂട്ടീവ് കമ്മിറ്റി അധികാരം ഏറ്റെടുക്കുന്നത് വരെ നിലവിലുള്ള കമ്മിറ്റി തുടരുന്നതായിരിക്കും

**6) എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അധികാരങ്ങളും ചുമതലകളും**

എ) സംഘടനയുടെ ദൈനംദിന കാര്യങ്ങൾ നിർവഹിക്കുന്നതിനും അതിനാവശ്യമായ ചെലവുകൾ ചെയ്യുന്നതിനും ഈ നിയമാവലിക്കു വിധേയമായി പ്രവർത്തിക്കുന്നതിനും കമ്മിറ്റിക്ക് അധികാരം ഉണ്ടായിരിക്കും

ബി) അംഗങ്ങളെ ചേർക്കുക

സി) ഒരു സെമസ്റ്ററിൽ കുറഞ്ഞത് രണ്ട് പ്രാവശ്യമെങ്കിലും കമ്മിറ്റി യോഗം ചേരേണ്ടതാണ്. മൂന്ന് പ്രാവശ്യം തുടർച്ചയായി രേഖാമൂലം അറിയിപ്പില്ലാതെ യോഗത്തിന് ഹാജരാകാത്ത കമ്മിറ്റി അംഗത്തിന്റെ അംഗത്വം സ്വയമേവ നഷ്ടപ്പെടുന്നതാണ്. പകരം പുതിയ അംഗത്തെ എക്സിക്യൂട്ടീവ് കമ്മിറ്റിയ്ക്ക് തെരഞ്ഞെടുക്കാവുന്നതാണ്

ഡി) കാലാകാലങ്ങളിൽ സംഘടനയുടെ രേഖകൾ വരവ്, ചെലവ് കണക്കുകൾ പരിശോധിക്കുക

ഇ) പൊതുയോഗത്തിൽ അവതരിപ്പിക്കാനായുള്ള വാർഷിക റിപ്പോർട്ട് തയ്യാറാക്കുകയും വരവ് ചെലവ് കണക്കുകൾ ആഡിറ്റിന് വിധേയമാക്കുകയും ചെയ്യുക

എഫ്) പൊതുയോഗ തീരുമാനങ്ങൾ എല്ലാം നടപ്പിലാക്കുക

ജി) നിലവിലുള്ള നിയമങ്ങൾ മാറ്റാനും പുതിയ നിയമങ്ങൾ നിർമ്മിക്കാനുമുള്ള നിർദ്ദേശങ്ങൾ പൊതുയോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുക

എച്) നാമനിർദേശം വഴി കമ്മിറ്റിക്ക് ഉണ്ടാകുന്ന ഇടക്കാല ഒഴിവുകൾ നികത്തുക

ഐ) കമ്മിറ്റിയിലെ 13 അംഗങ്ങളിൽ 8 പേരെങ്കിലും അനുകൂല അഭിപ്രായം രേഖപ്പെടുത്തിയാൽ മാത്രമേ ഏതെങ്കിലും ഒരാവശ്യത്തിന് 25000/- (ഇരുപത്തി അയ്യായിരം രൂപ) രൂപയ്ക്ക് മേൽ ചെലവ് വരുന്ന ഏതെങ്കിലും തീരുമാനം എടുക്കുകയോ 5000/- (അയ്യായിരം രൂപ ) രൂപയ്ക്ക് മേൽ മുഖവിലയുള്ള സംഘടനാവക മുതൽ വിലയ്ക്കോ ദാനമായി നൽകാൻ തീരുമാനിക്കുകയോ ചെയ്യാവൂ

ജെ) പ്രത്യേക ആവശ്യങ്ങൾക്ക് വേണ്ടി എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ ഉൾക്കൊള്ളുന്ന സബ് കമ്മിറ്റികളെയും എക്സിക്യൂട്ടീവ് കമ്മിറ്റിയിലെയും ജനറൽ ബോഡിയിലെയും പ്രതിനിധികളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സ്പെഷ്യൽ സബ് കമ്മിറ്റികളെയും നിയമിക്കാൻ എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. ഇപ്രകാരം നിയമിക്കുന്ന സബ് അല്ലെങ്കിൽ സ്പെഷ്യൽ സബ് കമ്മിറ്റിയുടെ കൺവീനർ സംഘടനയുടെ പ്രസിഡന്റ് അല്ലെങ്കിൽ സെക്രട്ടറി ആയിരിക്കും

**7) ഔദ്യോഗിക ഭാരവാഹികളുടെ ചുമതലകളും അധികാരങ്ങളും**

**എ) പ്രസിഡന്റ്**

- പൊതുയോഗത്തിലും കമ്മിറ്റിയിലും അധ്യക്ഷത വഹിക്കുന്നതും സംഘടനയുടെ മൊത്തം പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതും പ്രിൻസിപ്പാൾ ആയിരിക്കും
- മൂന്നാം വകുപ്പനുസരിച്ചു പിരിച്ചെടുക്കുന്ന തുകയും, സംഭാവനയായി ലഭിച്ച തുകയും മറ്റേതെങ്കിലും വിധത്തിൽ ലഭിക്കുന്ന വരുമാനവും സംഘടനയുടെ ഫണ്ടായി ഒരു ഷെഡ്യൂൾഡ് ബാങ്കിൽ നിക്ഷേപിക്കേണ്ടതും പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ എന്നിവരുടെ കൂട്ട് ഉത്തരവാദിത്വത്തിൽ കൈകാര്യം ചെയ്യേണ്ടതുമാണ്
- എല്ലാ വരവുകൾക്കും പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ എന്നിവരിൽ ഒരാൾ ഒപ്പിട്ട് രസീത് നൽകേണ്ടതാണ്
- 25000/- (ഇരുപത്തി അയ്യായിരം രൂപ ) രൂപാ വരെ ചെലവ് പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ എന്നിവരുടെ കൂട്ട് ഉത്തരവാദിത്വത്തിൽ നടത്താൻ അധികാരം ഉണ്ടായിരിക്കുന്നതാണ്
- പണം ഇടപാടുകൾക്കുള്ള അനുമതി പ്രസിഡന്റിൽ നിക്ഷിപ്തമായിരിക്കുന്നതാണ്

**ബി) വൈസ് പ്രസിഡന്റ്**

- പ്രസിഡന്റിന്റെ അഭാവത്തിൽ വൈസ് പ്രസിഡന്റ് ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്

**സി) സെക്രട്ടറി**

- കമ്മിറ്റിയുടെ അപ്പോഴപ്പോഴുള്ള തീരുമാനങ്ങൾ നടപ്പിലാക്കുക
- സംഘടനയുടെ റിക്കാർഡുകൾ രജിസ്റ്ററുകൾ എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കുക യോഗ തീരുമാനങ്ങൾ രേഖപ്പെടുത്തുക

- സംഘടനയുടെ തീരുമാനങ്ങൾ നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ പ്രസിഡന്റിന്റെ നിർദ്ദേശാനുസരണം സ്വീകരിക്കുക
- സംഘടനയുടെ ഔദ്യോഗിക എഴുത്തുകുത്തുകൾ പ്രസിഡന്റിന്റെ അനുമതിയോടു കൂടി നടത്തുക
- ജനറൽ ബോഡിയുടെയും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും യോഗങ്ങൾ വിളിച്ചു കൂട്ടുക
- സംഘടനയുടെ വാർഷിക റിപ്പോർട്ട് തയ്യാറാക്കി കമ്മിറ്റിയുടെ അംഗീകാരത്തോടെ പൊതുയോഗത്തിന് സമർപ്പിക്കുക
- സംഘടനയുടെ എല്ലാ പണമിടപാടുകളിലും പ്രസിഡന്റ്, ട്രഷറർ എന്നിവരുമായി കൂട്ടുത്തരവാദിത്വം സെക്രട്ടറിക്ക് ഉണ്ടായിരിക്കുന്നതാണ്
- കമ്മിറ്റി അംഗീകരിച്ച ആവശ്യങ്ങളിന്മേൽ പ്രസിഡന്റിന്റെ നിർദേശത്തിനും അനുമതിയോടും കൂടി ചെലവ് ചെയ്യുന്നതിന് സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. 10000/- (പതിനായിരം രൂപ ) രൂപ വരെ അടിയന്തിര നിധിയായി കൈവശം വയ്ക്കുന്നതിനും ആവശ്യത്തിന് ചിലവാക്കുന്നതിനുമുള്ള ചുമതല സെക്രട്ടറിക്ക് ഉണ്ടായിരിക്കുന്നതാണ്

**ഡി) ജോയിൻറ് സെക്രട്ടറി**

- സെക്രട്ടറിയുടെ അഭാവത്തിൽ സെക്രട്ടറിയുടെ എല്ലാ ചുമതലകളും ജോയിന്റ് സെക്രട്ടറി നിർവഹിക്കേണ്ടതാണ്.

**ഇ) ട്രഷറർ**

- സംഘടനയുടെ ധനം (രൂപ) വരവ് ചെലവ് കണക്ക് പുസ്തകങ്ങൾ, രസീത് ബുക്കുകൾ, സംഭാവന കൂപ്പൺ, വൗച്ചർ, ചെക്ക് ബുക്ക് തുടങ്ങിയ രേഖകൾ സൂക്ഷിക്കാനുള്ള ചുമതല ട്രഷററിനായിരിക്കും
- വരവ് ചെലവ് കണക്കുകളും ഇതര രേഖകകളും സൂക്ഷിക്കുകയും കമ്മിറ്റി യോഗങ്ങളിൽ അവതരിപ്പിക്കുകയും ചെയ്യുക
- വാർഷിക വരവ് ചെലവ് കണക്കുകൾ തയ്യാറാക്കി ഓഡിറ്റ് ചെയ്യിപ്പിച്ച് കമ്മിറ്റി മീറ്റിംഗിലും പൊതുയോഗങ്ങളിലും സമർപ്പിക്കുക
- സംഘടനയുടെ എല്ലാ പണമിടപാടുകൾക്കും പ്രസിഡന്റ്, സെക്രട്ടറി എന്നിവരുമായി കൂട്ടുത്തരവാദിത്വം ട്രഷററിനായിരിക്കും
- സംഘടനയുടെ ബാങ്ക് അക്കൗണ്ടിൽ നിന്നും പണം പിൻവലിക്കുന്നതിന് ചെക്ക് നൽകുമ്പോൾ പ്രസിഡന്റും ട്രഷററും ഒപ്പ് വെച്ചിരിക്കേണ്ടതാണ്

**8) സംഘടനയുടെ ഫണ്ട്**

- മൂന്നാം വകുപ്പനുസരിച്ചു പിരിച്ചെടുക്കുന്ന തുകയും സംഭാവനയായി ലഭിച്ച തുകയും ഏതെങ്കിലും സാംസ്കാരിക പരിപാടികൾ നടത്തുന്നതിൽ നിന്നും ലഭിക്കുന്ന വരുമാനവും സംഘടനയുടെ ഏതെങ്കിലും മുതൽ വാടകയ്ക്ക് നൽകുകയാണെങ്കിൽ അതിൽ നിന്നും ലഭിച്ചേക്കാവുന്ന വാടകയും ഈ സംഘടനയുടെ ഫണ്ടായി ഒരു ദേശസാൽകൃത ബാങ്കിൽ നിക്ഷേപിക്കേണ്ടതും പ്രസിഡന്റ്, സെക്രട്ടറി,

ട്രഷറർ എന്നിവരുടെ കൂട്ടുത്തരവാദിത്തത്തോടുകൂടി കൈകാര്യം ചെയ്യേണ്ടതുമാണ്

- എല്ലാ വരവുകൾക്കും പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ എന്നിവരിൽ ഒരാൾ രസീത് നൽകേണ്ടതാണ്
- എല്ലാ ഇടപാടുകളും ബാങ്ക് മുഖേന നടത്തേണ്ടതാണ്
- എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനമനുസരിച്ചു മാത്രമേ സംഘടനയുടെ ഫണ്ടിൽ നിന്നും തുക ചെലവഴിക്കാൻ പാടുള്ളൂ
- എന്നാൽ അത്യാവശ്യകാര്യങ്ങൾ നിർവഹിക്കുന്നതിന് 25000/-രൂപയിൽ (ഇരുപത്തയ്യായിരം രൂപ) കവിയാത്ത തുക പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ എന്നിവരുടെ കൂട്ടുത്തരവാദിത്വത്തിൽ ചെലവ് ചെയ്യേണ്ടതാണ്
- ഗവണ്മെന്റ് ഫണ്ട് ലഭ്യമാക്കാൻ കാലതാമസം വരുന്ന സന്ദർഭങ്ങളിൽ മാത്രം കോളേജ് ഓഫീസിൽ ആവശ്യങ്ങൾക്കായി നൽകുന്ന തിരികെ ലഭിക്കുന്ന അഡ്വാൻസുകൾക്ക് ഈ പരിധി ബാധകമായിരിക്കുന്നതല്ല. ഇത്തരം ഇടപാടുകൾ അടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ അവതരിപ്പിക്കേണ്ടതാണ്

**9) ഓഡിറ്റ്**

എക്സിക്യൂട്ടീവ് കമ്മിറ്റി കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ഒരു ചാർട്ടേർഡ് അക്കൗണ്ടന്റ് അദ്ധ്യാപക രക്ഷകർതൃ സമിതിയുടെ ഫണ്ട് ഓഡിറ്റ് ചെയ്യേണ്ടതാണ്. ഓഡിറ്റ് സ്റ്റേറ്റ്മെന്റും ഓഡിറ്റ് റിപ്പോർട്ടും എക്സിക്യൂട്ടീവ് കമ്മിറ്റി പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങളോടെ ജനറൽ ബോഡിക്ക് സമർപ്പിക്കേണ്ടതാണ്. ജനറൽ ബോഡി അതിന്മേൽ ഉചിതമായ തീരുമാനം സ്വീകരിക്കേണ്ടതാണ്.

**10) പൊതുകാര്യങ്ങൾ**

- സംഘടനയ്ക്ക് ഒരു പൊതുമുദ്ര ഉണ്ടായിരിക്കണം. അത് പ്രസിഡന്റോ സെക്രട്ടറിയോ ഭദ്രമായി സൂക്ഷിക്കേണ്ടതാണ്
- സംഘടനയ്ക്ക് വേണ്ടി ചമയ്ക്കുന്ന എല്ലാ രേഖകളിലും പ്രസിഡന്റും സെക്രട്ടറിയും ഒപ്പു വെയ്ക്കേണ്ടതാണ്
- നിയമനടപടികൾ വേണ്ടി വന്നാൽ സെക്രട്ടറി കോടതിയിൽ സംഘടനയെ പ്രതിനിധീകരിക്കേണ്ടതാണ്. അതിനാവശ്യമായ ചെലവുകൾ പി .ടി .എ. ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ്
- സംഘടന എപ്പോഴെങ്കിലും പിരിച്ചു വിടേണ്ടി വന്നാൽ എല്ലാ തുകകളും, രേഖകളും പ്രസിഡന്റ് ഏറ്റെടുത്തു പൊതുയോഗ തീരുമാനപ്രകാരം വിനിയോഗിക്കേണ്ടതാണ്

- ഈ സംഘടന വിദ്യാഭ്യാസ, കായിക, കലാ സാംസ്കാരിക പ്രവർത്തനങ്ങളെ ലക്ഷ്യമാക്കിയിട്ടുള്ളതും രാഷ്ട്രീയമായ ചായ്‌വ് ഇല്ലാത്തതുമായിരിക്കും
- കോളേജിന്റെ ഭരണപരമായ കാര്യങ്ങളിൽ ഈ സംഘടന ഇടപെടാൻ പാടില്ലാത്തതാകുന്നു
- മേൽ പറഞ്ഞിരിക്കുന്ന ഒരു നിയമവും പൊതുയോഗത്തിൽ അല്ലാതെ മാറ്റാൻ പാടില്ലാത്തതാകുന്നു. ഹാജരുള്ളതിൽ മുന്നിൽ രണ്ട് ഭൂരിപക്ഷം അത്തരം മാറ്റങ്ങൾക്കു ഉണ്ടായിരിക്കേണ്ടതാണ്
- ഏതൊരു വേദിയിലും സംഘടനയെ പ്രതിനിധീകരിക്കേണ്ടത് പ്രസിഡന്റും സെക്രട്ടറിയും ഒരുമിച്ചാണ്.